പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.301 — 18.09.2007-ൽ മറുപടിക്ക്

**ഗൾഫ് നാടുകളിൽ ജോലിതേടുന്നതിന് സർക്കാർ തലത്തിൽ സംവിധാനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ഷാജു:<br>„ തോമസ് ചാണ്ടി:<br>„ കെ. ബി. ഗണേഷ് കുമാർ: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് നാടുകളിലേയ്ക്ക് ജോലി തേടുന്ന ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഗൾഫ് നാടുകളിലേയ്ക്ക് ജോലി തേടുന്ന ഉദ്യോഗാർത്ഥികൾ രണ്ടു തരത്തിലുള്ള കബളിപ്പിക്കപ്പെടലുകൾക്ക് ഇരയാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ ഉയർന്ന ശംബളവും താമസസൗകര്യങ്ങളും വാഗ്ദാനം ചെയ്ത് വൻ തുക വിസാ ഫീസ് ഇനത്തിൽ കൈക്കലാക്കി ഉദ്യോഗാർത്ഥികളെ പ്രലോഭിപ്പിച്ച് വിദേശത്ത് അയയ്ക്കുകയും അവിടെ എത്തിയാൽ തീർത്തും വിപരീതമായ സാഹചര്യങ്ങളെ നേരിടേണ്ടി വന്ന് വാഗ്ദാനം ചെയ്ത ജോലിയും വേതനവും ലഭിക്കാതെ തിരികെ പോരാൻ നിർബന്ധിതരാകുകയോ പീഡനങ്ങൾ അനുഭവിച്ച് അവിടെ തന്നെ തുടരേണ്ടി വരികയോ ആണ് ഒന്നാമത്തേത്. ഇത്തരം കബളിപ്പിക്കപ്പെടലുകൾ നേരിടേണ്ടിവരുന്നവരെ ഗൾഫ് രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സികളുമായും കോൺസുലേറ്റുകളുമായും ബന്ധപ്പെട്ട് അടിയന്തിര ഘട്ടങ്ങളിൽ നാട്ടിലേയ്ക്ക് തിരിച്ചു കൊണ്ടു വരികയോ അവിടെ തുടരുന്നവരുടെ പ്രശ്നങ്ങൾക്ക് സാദ്ധ്യമായ പരിഹാരം കണ്ടെത്തിക്കൊടുക്കുകയോ ചെയ്യുന്നുണ്ട്.<br><br>വ്യാജ വിസകൾ / റിക്രൂട്ടിംഗ് ഏജൻസികൾ / പത്രപരസ്യങ്ങൾ / ഇന്റർവ്യൂകൾ എന്നിവ മൂലമുള്ള അനധികൃത റിക്രൂട്ട്മെന്റ് മുഖേനയുള്ള കബളിപ്പിക്കപ്പെടലാണ് രണ്ടാമത്തേത്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത റിക്രൂട്ടിംഗ് ഏജൻസികൾക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിക്കുകയും അനധികൃത റിക്രൂട്ട്മെന്റ് തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിന് ' ഒഡെപെക് ' മാതൃകയിൽ വിപുലമായ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നോർക്ക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ' നോർക്ക- റൂട്ട്സിന് ' വിദേശത്തേക്ക് ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനാവശ്യമായ ലൈസൻസ് ലഭിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഒഡെപെക്' ഉം ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 302 — 18-9-2007-ൽ മറുപടിക്ക്

<u>റേഷൻ വിതരണത്തിന് മൊത്ത വ്യാപാരികളെ ഒഴിവാക്കാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>,, റോഷി അഗസ്റ്റിൻ<br>,, തോമസ് ചാഴിക്കാടൻ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി) |
| (എ) റേഷൻ വിതരണത്തിൽ നിന്ന് മൊത്തവ്യാപാരികളെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(ബി) ഇതിനു പകരം എന്തു സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്? | <u>(എ) യും (ബി) യും</u><br>റേഷൻ മൊത്തവ്യാപാരികളെ ഒഴിവാക്കാൻ നിശ്ചയിച്ചിട്ടില്ല.<br>എന്നാൽ നിലവിലുള്ള റേഷൻ വിതരണ സമ്പ്രദായങ്ങൾ കാര്യക്ഷമമാക്കാൻ പല മാർഗ്ഗങ്ങളും സർക്കാർ സ്വീകരിച്ചു വരികയാണ്. റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ പോകുന്നത് തടയണമെന്ന് കച്ചവടക്കാർ സംഘടനാപരമായിത്തന്നെ സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രകാരമുള്ള തിരിമറി ഒഴിവാക്കി റേഷൻ വിതരണം കാര്യക്ഷമമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. റേഷൻ മൊത്തകച്ചവടക്കാരിൽ നിന്നാണ് റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേയ്ക്ക് എത്തുന്നതെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. വികസിതമായ എല്ലാ സംസ്ഥാനങ്ങളിലും റേഷൻ മൊത്തവ്യാപാരം പൊതുമേഖലയിലാണ്. ഈ സമ്പ്രദായം നടപ്പിലാക്കാൻ കഴിയുമോ എന്നാണ് ഇപ്പോൾ പരിശോധിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നിലവിലുള്ള സംവിധാനം കരിഞ്ചന്ത തടയുന്നതിന് പര്യാപ്തമാണോ; | (ഡി) | നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കരിഞ്ചന്ത പരമാവധി തടഞ്ഞുനിർത്താൻ സാധിച്ചിട്ടുണ്ട്. |
| (ഇ) | കരിഞ്ചന്ത ഫലപ്രദമായി തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | കരിഞ്ചന്ത ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. ജില്ലാ സപ്ലൈ ആഫീസർമാരും താലൂക്ക് സപ്ലൈ ആഫീസർമാരും റേഷൻ കടകൾ/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ നിരന്തരമായി പരിശോധിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികളും, പ്രൈസ് മോണിറ്ററിംഗ് സെല്ലുകളും കരിഞ്ചന്തയ്ക്കെതിരായ നടപടികളിൽ ഗവൺമെന്റിനെ സഹായിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സംയുക്ത സ്ക്വാഡുകളും റെയ്ഡുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

2437

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 303

18. 9. 2007-ൽ മറുപടിക്ക്

## കണ്ണൂരിൽ നാഷണൽ ഫാഷൻടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ സി.കെ.പി.പത്മനാഭൻ<br>ശ്രീ പി.ജയരാജൻ<br>ശ്രീ എം.ജെ.ജേക്കബ് | ശ്രീ എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂരിൽ നാഷണൽ ഫാഷൻടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) കേരളത്തിൽ NIFT ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ കുറച്ചു കാലമായി നിലനിൽക്കുന്ന ആവശ്യം കേരള വ്യവസായ വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പ് മന്ത്രി ശ്രീ.ശങ്കർ സിംഗ് വഗേലയുമായി നടത്തിയ കൂടിക്കാഴ്ചയുടെയും, അഭ്യർത്ഥനയുടെയും ഫലമായി അംഗീകരിക്കുമെന്ന് ഉറപ്പ് കിട്ടിയിട്ടുണ്ട്. കേരള സർക്കാർ കേരളത്തിൽ NIFT ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി കിൻഫ്രയെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.<br><br>ഇതിന് വേണ്ടിസംസ്ഥാന സർക്കാർ മൂന്ന് കോടി രൂപ ഇതുവരെയായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഒരു കോടി രൂപ കിൻഫ്രയുടെ അക്കൌണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ വില്ലേജിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 3.77 ഹെക്ടർ സ്ഥലം NIFTന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. |

കേന്ദ്രമന്ത്രിയുടെ നിർദ്ദേശ പ്രകാരം കിൻഫ്ര NIFT ന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന വ്യവസായ വകുപ്പ് വഴി കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുക പ്രതീക്ഷിക്കുന്നു;

(ബി) കേന്ദ്ര സർക്കാർ കേരള സർക്കാരിന് നൽകിയ വിവരം അനുസരിച്ച് ഈ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള മുഴുവൻ ചെലവും സംസ്ഥാന സർക്കാർ തന്നെ വഹിക്കേണ്ടതാണ്.

(സി) പദ്ധതി നടത്തിപ്പിന് സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിക്കേണ്ടതുണ്ട് :

(സി) ഈ പദ്ധതിയ്ക്ക് ആവശ്യമായ 12 ഏക്കർ സ്ഥലവും, പൂർണ്ണമായി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 58.65 കോടി രൂപയും ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാർ നൽകേണ്ടതുണ്ട്.

(ഡി) മറ്റു സംസ്ഥാനങ്ങളിൽ ആരംഭിച്ചിട്ടുള്ള നിഫ്റ്റ് സെന്ററുകളുടെ ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിച്ചിട്ടുണ്ടോ;

(ഡി) NIFT സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് NIFT ന് ആവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മുൻകാലങ്ങളിൽ നടപ്പിലാക്കിയ NIFT സെന്ററുകൾക്ക് ആവശ്യമായ സ്ഥലം മാത്രമേ മറ്റ് സംസ്ഥാന സർക്കാരുകൾ നൽകിയിട്ടുള്ളൂ. അടിസ്ഥാന സൗകര്യത്തിന് ആവശ്യമായ മുഴുവൻ തുകയും NIFT നേരിട്ട് വഹിച്ചിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞത്.

(ഇ) പദ്ധതി എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

(ഇ) 14-09-07 ന് ചേർന്ന NIFT ന്റെ ഡയറക്ടർ ബോർഡ് യോഗം ഈ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ഈ പ്രോജക്ടിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി ഒരു സംഘം ഉദ്യോഗസ്ഥരെ ഉടൻ തന്നെ കേരളത്തിലേയ്ക്ക് അയയ്ക്കുമെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് NIFT സെന്റർ കേരളത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ കിൻഫ്ര ഏകോപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 304

18.9.2007-ൽ മറുപടിക്ക്

## അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണത്തിലൂടെ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ പ്രവർത്തനമാണ് ഇപ്രകാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുള്ളത്;<br><br>(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽ ലഭ്യമാണെങ്കിൽ പ്രസ്തുത സാധനങ്ങൾ അവിടെ നിന്നും വാങ്ങണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ? | (എ) യും (ബി) യും<br><br>ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയുടെ അടച്ചുപൂട്ടൽ ഒഴിവാക്കുന്നതിന്റേയും ഭാഗമായി ഉൽപ്പന്നങ്ങൾ പരസ്പരം വിപണനം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി വൈദ്യുതി ബോർഡ്, ആരോഗ്യ വകുപ്പ്, ജലവിഭവ വകുപ്പ്, ഗതാഗത വകുപ്പ് എന്നീ വകുപ്പുകളേയും അവയുടെ അധീനതയിലുള്ള സ്ഥാപനങ്ങളേയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളേയും ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ വകുപ്പ് മന്ത്രി മീറ്റിംഗ് നടത്തുകയും, പ്രസ്തുത മീറ്റിംഗിൽ വിവിധ വകുപ്പുകൾക്ക് ആവശ്യമുള്ള ഉൽപ്പന്നങ്ങളെ സംബന്ധിച്ചും അവ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത നിർദ്ദേശത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും കമ്പനികൾക്ക് ഓർഡറുകൾ ലഭിക്കുന്നതിനുള്ള കരാറിന്മേൽ തീരുമാനമായിട്ടുണ്ട്. ഇതിന്റെ |

.....2.

ഫലമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് **KSEB** യിൽ നിന്നും ഓർഡറുകൾ ലഭിക്കുകയും, കമ്പനി റെക്കോർഡ് ഉൽപ്പാദനം 2006-07-ൽ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ചാർജ്ജിന്മേൽ കുടിശ്ശിക വരുത്തിയതിനാൽ കണക്ഷൻ വിച്ഛേദിച്ച സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം പുന: സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് ആരോഗ്യവകുപ്പിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കി പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പ്രവർത്തന മൂലധന സഹായവും ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡും (ടെൽക്ക്) കേന്ദ്ര പൊതുമേഖലാ വൈദ്യുത ഉൽപ്പാദന കമ്പനിയായ നാഷണൽ തെർമൽ പൗവ്വർ കോർപ്പറേഷൻ ലിമിറ്റഡും (എൻ.ടി.പി.സി) സംയുക്ത സംരംഭത്തിന് തീരുമാനിച്ചിരിക്കുകയാണ്. ഈ സംരംഭം ആരംഭിക്കുന്നതിനുള്ള കരാറിൽ 23.6.07-ൽ ഒപ്പുവെച്ചിട്ടുണ്ട്. ഈ കരാർ ടെൽക്കിൻെറ വൻ വികസനത്തിനും ആധുനികവത്കരണത്തിനും വഴിവെക്കുമെന്നാണ് കരുതുന്നത്.

**KELTEC, SIFL, KELTRON Units, Autokast** എന്നി കമ്പനികൾക്ക് വി.എസ്.എസ്.സി യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ **Kerala State Electronics Development Corporation Limited, KELTEC, SIFL, KEL** എന്നി സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധവകുപ്പിൽ നിന്നും **Steel Complex Limited**-ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ **Steel Authority of India Limited (SAIL)** യിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ **Steel Authority of India Limited (SAIL)** ൻെറ സഹകരണത്തോടെയുള്ള ഒരു പദ്ധതി മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ **SAIL**-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ട്രാൻസ്പോർട്ട് വകുപ്പും വാട്ടർ റിസോഴ്സ് വകുപ്പും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓർഡറുകൾ ലഭ്യമാക്കാമെന്ന് ധാരണയായിട്ടുണ്ട്.

ഇത്തരം നടപടികളുടെ ഫലമായാണ് **Steel Industries Kerala Limited** -ന്റെ അനുബന്ധ സ്ഥാപനമായ **Autokast Limited**-ഉം ചേർത്തലയിലുള്ള **Steel Fabrication Unit** ന്റെയും സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇൻഡ്യൻ റയിൽവേയ്ക്കാവശ്യമായ വാഗണുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 2007-08-ലെ റയിൽവേ ബഡ്ജറ്റിൽ അനുമതി നൽകിയത്. ഈ പദ്ധതി പീഡിത വ്യവസായങ്ങളായി പ്രഖ്യാപിച്ച **Steel Industries Kerala Limited, Autokast Limited** എന്നിവയുടെ പുന:രുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു സഹായകരമായിരിക്കും. കൂടാതെ ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി ആലപ്പുഴ, എറണാകുളം മേഖലകളിൽ ധാരാളം അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളുമുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്തു തുകയുടെ നിക്ഷേപം വേണ്ടിവരുമെന്ന് പഠനം നടത്തുന്നതിനായി റയിൽവേ കൺസൾട്ടൻസി സ്ഥാപനമായ **RITES Ltd (Rail India Technical & Economic Services Limited)** നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

Mani B.V.S

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 305

19.9.2007-ൽ മറുപടിക്ക്

## അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.പി. അനിൽ കുമാർ<br>" ബി. സത്യപ്രസാദ് | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മൊത്തവിതരണക്കാരും റേഷൻ വ്യാപാരികളും സിവിൽസപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥരും ചേർന്ന് തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത പദ്ധതിയിൽപ്പെടുന്ന കാർഡുകാർക്ക് 2007 ജനുവരി മുതൽ എപ്പോഴെല്ലാം അരിയും ഗോതമ്പും നൽകാതെയിരുന്നിട്ടുണ്ട്;<br><br>(സി) അവർക്ക് അരിയും ഗോതമ്പും കൊടുക്കാതിരിക്കാനുള്ള കാരണമെന്ത്? | (ബി) യും (സി) യും<br>അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ഒരു റേഷൻ കാർഡിന് 35 കി.ഗ്രാം അരിയാണ് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരമുള്ള 35 കിലോ അരി എല്ലാ റേഷൻ കാർഡുകാർക്കും എല്ലാ മാസവും നൽകി വരുന്നു. ഈ പദ്ധതിയിൻ കീഴിൽ ഗോതമ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

0850449

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 306 — 18.09.2007-ൽ മറുപടിയ്ക്ക്

**"ജൈവവൈവിധ്യ സംരക്ഷണം"**

ചോദ്യം:

ശ്രീ. എം.വി. ശ്രേയാംസ് കുമാർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. എം.കെ. പ്രേമനാഥ്

ഉത്തരം:

ശ്രീ. വി എസ്. അച്യുതാനന്ദൻ

(മുഖ്യമന്ത്രി)

എ) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സംസ്ഥാനത്ത് ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കപ്പെട്ടത് എന്നാണ്;

എ) 28.02.2005 ലാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കപ്പെട്ടത്.

ബി) ബോർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

ബി) ജൈവവൈവിധ്യ വുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുക, ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള തന്ത്രങ്ങളും കർമ്മപരിപാടികളും തയ്യാറാക്കി പ്രസിദ്ധീകരിക്കുക, സംസ്ഥാനത്തെ ജൈവവിഭവങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ശേഖരണത്തിന് നിയന്ത്രണങ്ങളേർപ്പെടുത്തുക, കേന്ദ്ര നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നതു പോലെ ജൈവവൈവിധ്യ സംരക്ഷണം, ജൈവവൈവിധ്യത്തിന്റെ സുസ്ഥിര ഉപയോഗം, ഇതിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങൾ നീതിപൂർവ്വമായി പങ്കുവെയ്ക്കൽ എന്നീ പ്രധാന കർത്തവ്യങ്ങൾ നിറവേറ്റുക, കേരളത്തിന്റെ ജൈവ സമ്പത്തിന്റെ രേഖാരൂപമായി 'ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ' തയ്യാറാക്കുക, ഇത് തയ്യാറാക്കുന്നതിന് ശക്തമായ ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകുക. കാവുകൾ, തീർത്തടങ്ങൾ തുടങ്ങിയവ സംരക്ഷിക്കുക, തദ്ദേശീയ കാർഷിക ജൈവ വൈവിധ്യം പുനസ്ഥാപിക്കുകയും ജൈവകൃഷി നയത്തിന് രൂപം നൽകുകയും ചെയ്യുക, ജൈവ വൈവിധ്യം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. സംസ്ഥാന ജൈവ വൈവിധ്യ മ്യൂസിയം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ജൈവ വൈവിധ്യ ബോർഡിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ

സി) ബോർഡിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

സി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു ബോധവൽക്കരണ പരിപാടി 'കില'യും വനഗവേഷണ കേന്ദ്രവുമായി ചേർന്ന് ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ജൈവ വൈവിധ്യ രേഖ രൂപീകരിക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന- വരുടെ ഒരു കർമ്മ പരിപാടി സംഘടിപ്പിച്ചു.തൃശൂർ ജില്ലയിലെ ജൈവ വൈവിധ്യത്തെക്കുറിച്ച് പ്രാഥമിക പഠനം നടത്തുകയും വിവരണം തയ്യാറാക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര ഉപയോഗവും ലക്ഷ്യമാക്കി 'കർമ്മ പദ്ധതികളും തന്ത്രങ്ങളും' തയ്യാറാക്കി ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചു. പരിസ്ഥിതി നയത്തിന് അന്തിമ രൂപം നൽകുന്നതിനുള്ള ചർച്ചകൾ നടത്തുകയും കരട് രേഖ തയ്യാറാക്കുകയും ചെയ്തു. ജൈവ കൃഷിയെ സംബന്ധിച്ച് കരട് നയം തയ്യാറാക്കുകയും ഇതിനെപ്പറ്റി ഒരു ശില്പശാല നടത്തുകയും ചെയ്തു.

ഡി) സംസ്ഥാനത്തിന് ഒരു ജൈവ കൃഷി നയം രൂപീകരിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

ഡി) ജൈവ കൃഷി നയത്തിന്റെ കരട് ജൈവ വൈവിധ്യ ബോർഡ് തയ്യാറാക്കുകയും ഇത് സംബന്ധിച്ച് ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ച്കൊണ്ട് ഒരു ശില്പശാല നടത്തുകയും ചെയ്തു. ഇതിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചു- കൊണ്ട് ജൈവ കൃഷി നയത്തിന് അന്തിമ രൂപം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 307

18.09.2007 ൽ മറുപടിക്ക്

## വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം പ്രചരിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. ബാബു .എം. പാലിശ്ശേരി :<br>ശ്രീ. കെ.ടി. ജലീൽ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെക്കുറിച്ച് മറ്റു നാടുകളിൽ പ്രചരണം നടത്തുവാൻ വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) കേരളത്തിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷം മറുനാടുകളിലെത്തിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് മന്ത്രി ഗൾഫ് രാജ്യങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലുള്ള പല വ്യവസായ പ്രമുഖരുമായും മന്ത്രിമാരുമായും ചർച്ചകൾ നടത്തുകയുമുണ്ടായിട്ടുണ്ട്. കൂടാതെ, വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും സ്വകാര്യ മേഖലയിൽ നിന്നുള്ള പ്രതിനിധികളും ചേർന്ന ഒരു സംഘം തായ്‌വാൻ സന്ദർശിക്കുകയും അവിടത്തെ വ്യവസായികളുമായി ഹാർഡ് വെയർ, സെമികണ്ടക്ടേഴ്സ് തുടങ്ങിയ വ്യവസായ മേഖലകളെക്കുറിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (ബി) സ്വകാര്യ നിക്ഷേപകരെ കേരളത്തിലേയ്ക്ക് ക്ഷണിക്കുന്നതിനും കേരളത്തിലെ വ്യവസായ സാധ്യതകളും നിക്ഷേപ സൗഹൃദാന്തരീക്ഷവും ബോദ്ധ്യപ്പെടുത്തുന്നതിനുമായി വ്യവസായ മന്ത്രി ഗൾഫ് നാടുകളിൽ പര്യടനം നടത്തിയിട്ടുണ്ടോ ;<br>(സി) എങ്കിൽ ഇതിന്റെ ഫലമായി എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ ;<br>(ഡി) കേരളത്തിൽ മുതൽ മുടക്കാൻ ഗൾഫ് രാജ്യങ്ങളിലെ ഏതെല്ലാം കമ്പനികൾ തയ്യാറായിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ബി) യും (സി) യും (ഡി) യും<br>ഉണ്ട്. ഗൾഫ് രാജ്യങ്ങളിലെ വ്യവസായ പ്രമുഖരായ ഇ.റ്റി.എ. ഗ്രൂപ്പ് (യു.എ.ഇ), സ്റ്റാർ പ്രിന്റിംഗ് കമ്പനി (റിയാദ്), അൽഹസ്സൻ ഗ്രൂപ്പ് ഓഫ് കമ്പനീസ് (മസ്കറ്റ്), ചാൻസിലർ ടൈംപീസസ് തുടങ്ങിയവരുമായി പെട്രോകെമിക്കൽ കോംപ്ലെക്സ്, പവർ പ്രോജക്ട്, നോളഡ്ജ് പാർക്ക്, പവർ കേബിൾസ് & മീറ്റേഴ്സ് തുടങ്ങിയ പല വ്യവസായ പദ്ധതികളെപ്പറ്റിയും ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ പ്രസ്തുത കമ്പനികളുമായി തുടർ ആശയവിനിമയം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 308

18.09.2007 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. രാജു എബ്രഹാം :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എ.എം. യൂസഫ് : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളാണ് സംയുക്ത സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;<br><br>(സി) സംയുക്ത സംരംഭത്തിനായി ഇപ്പോൾ ഏതെങ്കിലും കേന്ദ്ര പൊതുമേഖല സ്ഥാപനവുമായി ചർച്ച നടക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ? | (എ) യും (ബി) യും (സി) യും<br><br>കെ.എസ്.ഐ.ഡി.സി. ഗെയിൽ-മായി ചേർന്ന് പെട്രോകെമിക്കൽ കോംപ്ലെക്സ് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ടെൽക്കും കേന്ദ്ര പൊതുമേഖലാ വൈദ്യുത ഉത്പാദന കമ്പനിയായ എൻ.ടി.പി.സി.യും സംയുക്ത സംരംഭത്തിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ഇൻഡ്യൻ റയിൽവേയുമായി ചേർന്ന് റയിൽവേ വാഗണുകൾ നിർമ്മിക്കുന്നതിനും സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലെക്സ് ലിമിറ്റഡിന് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ഓർഡറുകൾ ലഭ്യമാക്കുന്നതിനും KELTRON, SIFL, KEL എന്നീ സ്ഥാപനങ്ങൾക്ക് കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനും KELTEC, SIFL, KELTRON യൂണിറ്റുകൾ Autokast എന്നിവയ്ക്ക് VSSC-യിൽ നിന്ന് ഓർഡറുകൾ ലഭ്യമാക്കുന്നതിനും കേരള ഹൈടെക് ഇൻഡസ്ട്രീസ് ലിമിറ്റഡിനെ കേന്ദ്ര പ്രതിരോധ വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സർക്കാർ എടുത്തു വരുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാർ പൊതുസംരംഭത്തിൽ നടക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 309

18.09.2007 ൽ മറുപടിക്ക്

## കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എം. മോനായി :<br>ശ്രീ. സാജു പോൾ :<br>ശ്രീ. എം.കെ. പുരുഷോത്തമൻ :<br>ശ്രീ. സി.എം. ദിനേശ് മണി : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനൽ ആരംഭിക്കുന്നതു-മായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) ഈ പദ്ധതിക്കുവേണ്ട സ്ഥലവും ആവശ്യമായ Environment, CRZ, SEZ തുടങ്ങിയ എല്ലാ ക്ലിയറൻസുകളും Co-developer Status ഉം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ Lease Agreement-ന്റെ കരാറിന് കേന്ദ്ര തുറമുഖ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സർക്കാർ നടപടികൾ എടുത്തു വരുന്നു. |
| (ബി) പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ഡി) പ്രസ്തുത പദ്ധതിയുടെ Site clearing-ഉം, Boundary Wall Construction എന്നിവ തുടങ്ങി കഴിഞ്ഞു. Engineering Procurement & Construction (EPC) Contract ന്റെ അന്തിമ തീരുമാനമായാൽ Plant-ന്റെ നിർമ്മാണം തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 310 | 18-09-2007 ൽ മറുപടിയ്ക്ക്

## വിമാന സർവ്വീസുകൾ

ചോദ്യം:
ശ്രീ.സി എച്ച്.കുഞ്ഞമ്പു :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.സി.കെ.പി.പത്മനാഭൻ :

ഉത്തരം
ശ്രീ. വി.എസ്.അച്ചുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). സംസ്ഥാനത്തേക്ക് കൂടുതൽ വിമാന സർവ്വീസ് ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വിമാന കമ്പനികളാണ് പുതുതായി സർവ്വീസ് നടത്തുവാനായി മുന്നോട്ടുവന്നിട്ടുള്ളത് ;

(ബി). ആഭ്യന്തര വിമാന സർവ്വീസിനായി ഏതെല്ലാം കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ടെന്ന് അറിയിക്കുമോ ;

(എ) . യും (ബി) യും..

ഉണ്ട്. എയർ ഇൻഡ്യ, കേരളത്തിൽനിന്നും യു.എസ്/യൂറോപ്പ് എന്നീ രാജ്യങ്ങളിലേക്കും, എയർ ദ്രാവിഡ പെഗാസിസ് എയർവേയ്സ് തുടങ്ങിയ കമ്പനികൾ കേരളത്തിൽ നിന്നും ആഭ്യന്തര സർവീസ് ആരംഭിക്കാനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ 2007 ഒക്ടോബർ മാസം മുതൽ എയർ ഇൻഡ്യ എക്സ്പ്രസ് ആഭ്യന്തര മേഖലയിൽ കൂടുതൽ സർവീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിരവധി സ്വകാര്യ വിമാനകമ്പനികളും ആഭ്യന്തരമായി കൂടുതൽ സർവ്വീസുകൾ തുടങ്ങാൻ സന്നദ്ധത പ്രകടിപ്പിക്കുകയും കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രാലയവുമായി ബന്ധപ്പെട്ടുവരികയുമാണ്.

(സി). ആഭ്യന്തര വിമാന സർവ്വീസുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി). ഉണ്ട്.

(ഡി). ഗൾഫ് നാടുകളിലേയ്ക്ക് സംസ്ഥാന സർക്കാരിന്റെ വിമാന സർവ്വീസ് നടത്താനുള്ള പദ്ധതി ഇപ്പോഴും നിലവിലുണ്ടോ ?

(ഡി). ഗൾഫ് നാടുകളിലേക്ക് കുറഞ്ഞ ചെലവിൽ വിമാന സർവീസുകൾ ആരംഭിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എയർ കേരള ഇന്റർനാഷണൽ സർവീസസ് എന്ന പേരിൽ ഒരു കമ്പനി കൊച്ചി വിമാനത്താവളത്തിന്റെആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്തു എങ്കിലും സർവീസ് ആരംഭിക്കുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം അനുമതി നൽകാത്തതിനാൽ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം - 311 — 18.09.2007-ൽ മറുപടിക്ക്

## പനിബാധിതർക്ക് നൽകുന്ന സൗജന്യ ഭക്ഷ്യ കിറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം. ഉമ്മർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) പനിബാധിതർക്കായി പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യധാന്യ കിറ്റുകളുടെ വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) പനിബാധിതരായ ഏകദേശം മൂന്നു ലക്ഷത്തോളം കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റുകൾ വിതരണം ചെയ്യേണ്ടിവരുമെന്നാണ് ആദ്യം കണക്കാക്കപ്പെട്ടിരുന്നതും ഫണ്ട് അനുവദിച്ചതും. എന്നാൽ ഇതിനായി തയ്യാറാക്കിയവരുടെ ലിസ്റ്റ് വളരെയേറെ വർദ്ധിച്ചു വന്നപ്പോൾ 313213 പേർക്ക് വിതരണം നടത്തിയ ശേഷം 17.08.07 മുതൽ ഭക്ഷ്യ കിറ്റുകളുടെ വിതരണം താല്ക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. എങ്കിലും 16.08.2007 വരെ ലഭിച്ച ലിസ്റ്റിലുള്ളവർക്ക് കിറ്റ് വിതരണം നടത്താൻ നിർദ്ദേശം നല്കി ഫണ്ട് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ വിതരണം പുനരാരംഭിച്ചിട്ടുണ്ട്. 10.09.2007 വരെ നേരത്തെ വിതരണം ചെയ്ത 313213 കിറ്റുകൾക്കു പുറമെ 42394 പേർക്ക് കൂടി കിറ്റു വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) സൗജന്യ റേഷൻ നൽകിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് എന്ത് തുക കുടിശ്ശികയായി നൽകാനുണ്ട് ? | (ബി) സൗജന്യ റേഷൻ നൽകിയ ഇനത്തിൽ റേഷൻ വ്യാപാരികൾക്ക് ഏകദേശം 14.75 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 312 — 18..09..2007ൽ മറുപടിക്ക്

## വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത

ചോദ്യം — ഉത്തരം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്;
ശ്രീ. കെ. കെ. ദിവാകരൻ;
ശ്രീ വി. എൻ. വാസവൻ;
ശ്രീ. കെ. വി. അബ്ദുൾ ഖാദർ;
ശ്രീ അൽഫോൺസ് കണ്ണന്താനം;

ശ്രീ എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ നയം പ്രഖ്യാപിച്ച ശേഷം അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | വ്യാപാരമേളകളും പ്രോത്സാഹന പരിപാടികളും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പ് സെപ്റ്റംബർ 27- 29, 2007 വരെ കൊച്ചിയിൽ ട്രേഡ് ടെക്നോളജി ബിസിനസ്സ് ഷോ 2007 സംഘടിപ്പിക്കുകയാണ്. ലോകോത്തര സാങ്കേതിക വിദ്യയുമായി കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായങ്ങളെ പരിചയപ്പെടുത്തുവാനും നമ്മുടെ വ്യവസായങ്ങളുടെ മേന്മയും വൈവിധ്യവും പുറം ലോകത്തെ ബോധ്യപ്പെടുത്തി പുതിയ വിപണി കണ്ടെത്തുവാനുമാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ഈ ബിസിനസ്സ് ഷോ സംഘടിപ്പിക്കുന്നത്.<br>വനപ്രദേശങ്ങളിൽ മുള, ഈറ്റ തുടങ്ങിയവ വച്ചു പിടിപ്പിക്കുന്നതിനും മുള, ഈറ്റ കർഷകരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ബാംബൂ മിഷനിൽ ഒരു പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മുള - ഈറ്റ ഉല്പന്നങ്ങളുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ 2007 നവംബർ 30 മുതൽ ഡിസംബർ 2 വരെ കൊച്ചിയിൽ കേരളാ ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുകയാണ്<br>കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ കൊച്ചിയിലും തിരുവനന്തപുരത്തുമായി ഇലക്ട്രോണിക് ഹബ്ബ് സ്ഥാപിക്കുവാനുള്ള പ്രാഥമിക നടപടികളും, തിരുവനന്തപുരത്ത് " ലൈഫ് സയൻസ് പാർക്ക് "- നു വേണ്ടി 250 ഏക്കർ സ്ഥലം കണ്ടെത്തി ഏറ്റെടുക്കുവാനുമുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു. കൂടാതെ കൊച്ചി തുറമുഖത്തിനടുത്ത് ഒരു " ഫ്രീ ട്രേഡ് ആന്റ് വെയർ ഹൗസിംഗ് സോൺ " സ്ഥാപിക്കുവാനും മുൻകൈ എടുത്തിട്ടുണ്ട്. കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഒരു സമഗ്ര വ്യാവസായിക നഗരം സ്ഥാപിക്കുവാൻ മലേഷ്യൻ ഗവൺമെന്റുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മലപ്പുറം വ്യവസായവളർച്ചാ കേന്ദ്രത്തിൽ വ്യാവസായിക അടിസ്ഥാന സൗകര്യം വികസിപ്പിക്കുവാൻ സ്വകാര്യ സംരംഭകരെ ക്ഷണിച്ചുകൊണ്ടുള്ള EOI നൽകുകയും അതിൽ നിന്ന് താല്പര്യമുള്ള കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.<br>ക്ലസ്റ്റർ വികസന പരിപാടികൾ സംസ്ഥാനമൊട്ടാകെ വളരെ കാര്യക്ഷമമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹായത്തോടെ നടത്തി വരുന്നു.<br>കയർവ്യവസായ മേഖലയിൽ സ്വീകരിച്ച നടപടികൾ അനുബന്ധം 1-ായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | വ്യവസായ നയത്തിൽ പ്രഖ്യാപിച്ച പ്രകാരം പൊതുമേഖലാ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിന് പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (സി) | മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് വ്യവസായികളും തൊഴിലാളി സംഘടനകളുമായി നിരന്തരമായി ചർച്ചകളിലൂടെ പുതിയ മാനേജ്മെന്റ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) | ആധുനികവൽക്കരണത്തിലൂടെ പരമ്പരാഗത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ തയ്യാറാകുമോ? | (ഡി) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

1. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തൊണ്ടിൽ 50 ശതമാനമെങ്കിലും ചകിരി നാരാക്കുന്നതിനു വേണ്ടി ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിനായി 7 കയർ സഹകരണ സംഘങ്ങൾക്കായി 187.58 ലക്ഷം രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അവയിൽ ഒന്നായ അരീക്കുളം കയർ വ്യവസായ സഹകരണ സംഘത്തിന്റെ ഡീഫൈബറിംഗ് മിൽ ശിലാസ്ഥാപനം ഈ മാസം 21-ാം തീയതി നടത്തുന്നതാണ്. മറ്റുള്ളവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

2. മേൽപ്പറഞ്ഞ ഡീഫൈബറിംഗ് മില്ലുകൾക്ക് ആവശ്യമായ തൊണ്ടു സംഭരിച്ചു നൽകുന്നത് കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ മറ്റു സർക്കാരിതര സംഘടനകൾ എന്നിവയാണ്.

3. ICDP പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ചകിരിനാര് ഉൽപ്പാദന മില്ലുകളുടെ പുനരുദ്ധാരണത്തിനായി 10 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. 3,86,233 രൂപ ഈ ഇനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

4. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുമ്പോൾ മലിനീകരണം ഒഴിവാക്കാനും ചകിരിച്ചോറ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റുന്നതിനും പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്.

5. കയറുൽപ്പന്നങ്ങളുടെ വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി പ്രധാന നഗരങ്ങളിൽ വ്യാപാര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിനും ധനസഹായം നൽകിവരുന്നു. വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ പഠനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

6. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിൽ അനുവദിച്ച ആലപ്പി കയർ ക്ലസ്റ്റർ പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ 56.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 75% കേന്ദ്ര സർക്കാർ ഗ്രാന്റായി ലഭിക്കുന്നതാണ്. ആദ്യ ഗഡുവായി ലഭിച്ച 14.2 കോടി രൂപ ഈ സ്കീമിൽ അംഗീകരിച്ച വിവിധ പദ്ധതികൾക്കായി നടപ്പിലാക്കി വരുന്നു. കൂടാതെ കയർ വികസനത്തിന്റെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട ചിറയിൻകീഴ്, ബേപ്പൂർ, മാങ്ങാട്, വള്ളിക്കുന്ന് എന്നീ കയർ ക്ലസ്റ്ററുകൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ Scheme of Fund for Regeneration of Trade Land Industries (SFURTI) യിൻ കീഴിൽ നടപ്പിലാക്കി വരുന്നു.

7. കെട്ടിക്കിടക്കുന്ന കയർ, കയറുൽപ്പന്നങ്ങൾ എന്നിവ കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സംഭരണ ഏജൻസികൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. 104.28 ലക്ഷം രൂപയുടെ കയർ, കയറുൽപ്പന്നങ്ങൾ ഈ സാമ്പത്തിക വർഷം ഇതു വരെ സംഭരിച്ചിട്ടുണ്ട്.

8. ആഭ്യന്തര അന്താരാഷ്ട്ര വിപണികളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ഒരു Brand Image ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. കയർ ഉൽപ്പന്നരംഗത്ത് ഉൽപ്പാദകർക്ക് ഗുണമേൻമ ചിഹ്നമായി ലോഗോ ഉപയോഗിക്കാനും അവരുടെ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ സർട്ടിഫൈ ചെയ്യാനും. NCRMI യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Brand Logo പ്രചരിപ്പിക്കുന്നതിനായി ഒരു Official Website ആരംഭിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങളുടെ നിലവിലുള്ള ഷോറൂമുകളെ അന്തർ ദേശീയ നിലവാരത്തിൽ ഫർണിഷ് ചെയ്ത "Coir Shoppe" എന്ന പേരിൽ ഗുണനിലവാരമുള്ള ബ്രാന്റഡ് കയർ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. 20 മിനിട്ട് ദൈർഘ്യത്തിൽ Kerala Coir Brand Logo പ്രചാരണത്തിനായി ഒരു Documentary film തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പ്രദർശനം നടത്തുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്ത് പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം Brand Logo പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ NCRMI എടുത്തു വരുന്നു.

9. ആധുനിക രീതിയിൽ ഉൽപ്പാദനശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതാണ്. ചകിരിയും, ജൂട്ടും നിശ്ചിത അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ് കൊണ്ട് Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിനു നടപടി എടുത്തു വരുന്നു.

10. NCRMI, Coir Corporation, Foam Mattings (India ) Ltd, Coir fed എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതികൾ ഇപ്പോൾ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 313

18/09/2007 - ൽ മറുപടിക്ക്

<u>ഓണം പ്രമാണിച്ച് കേന്ദ്ര ഗവൺമെന്റിനോട് അധികമായി ആവശ്യപ്പെട്ട അരി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. ബി. ബാബു പ്രസാദ് : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി) | |
| എ) | ഓണം പ്രമാണിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, അന്നയോജന, അന്ത്യോദയ പരിപാടികളിൽ ഉൾപ്പെട്ടവർ, സീനിയർ സിറ്റിസൺസ് എന്നിവർക്ക് കൊടുക്കുന്നതിന് കൂടുതൽ അരി വേണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ ; | (എ) | ആവശ്യപ്പെട്ടിരുന്നു. |
| ബി) | എങ്കിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര അരി വീതം അധികമായി വേണമെന്നാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കുമോ ; | (ബി) | ഓണക്കാലത്തേയ്ക്കായി 71000 മെ.ടൺ അരിയും 35500 മെ.ടൺ ഗോതമ്പും കൂടുതൽ അനുവദിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടിരുന്നു. |
| സി) | ഈ പദ്ധതിയിൻ കീഴിൽ കേന്ദ്രം ഓണക്കാലത്തേക്ക് എത്ര അരി വീതം നൽകി എന്ന് വെളിപ്പെടുത്തുമോ ? | (സി) | ഓണക്കാലത്ത് ഒറ്റത്തവണ അലോട്ടുമെന്റായി എ.പി.എൽ. നിരക്കിൽ 21000 മെ.ടൺ അരി സ്പെഷ്യലായി അനുവദിച്ചു നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 314

18-9-2007-ൽ
മറുപടിയ്ക്ക്

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.വിശ്വൻ:<br>പ്രൊഫ:സി.രവീന്ദ്രനാഥ് :<br>ശ്രീമതി.ജെ.അരുന്ധതി :<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>" മഞ്ഞളാംകുഴി അലി : | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ: | (എ) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മേഖലാതലത്തിൽ ആറ് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ വകുപ്പ് തലവന്റെ അദ്ധ്യക്ഷതയിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ യോഗങ്ങൾ കൂടി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. |
| (ബി) സർക്കാരിന്റെ വിവിധ പരിപാടികൾക്ക് മതിയായ പ്രചാരണം നൽകുന്നതിന് ഇന്നത്തെ സംവിധാനം തൃപ്തികരമാണോ: | (ബി) സർക്കാരിന്റെ വിവിധ പരിപാടികൾക്ക് മതിയായ പ്രചാരണം നൽകുന്നതിന് നിലവിലുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട് എന്നാണ് കരുതുന്നത്. ഇതിന്റെ ഭാഗമായി വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ഘടനയിലും പ്രവർത്തന രീതിയിലും മറ്റും കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി പ്രസാർ ഭാരതി ബ്രോഡ്-കാസ്റ്റിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ശ്രീ.കെ.കുഞ്ഞി-കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഒരു വിദഗ്ധ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിലെ പല നിർദ്ദേശങ്ങളും സർക്കാർ |

തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയിൽ വകുപ്പിൽ ഒരു ഇലക്ട്രോണിക് മീഡിയാ ഡിവിഷൻ ആരംഭിക്കണമെന്ന ശുപാർശയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെ നവീകരണത്തിനായി പ്രസ്തുത സമിതി നൽകിയിട്ടുള്ള ശുപാർശകളും അവയിൽ ഉൾപ്പെടുന്നുണ്ട്.

(സി) എല്ലാ ജില്ലാ ഓഫീസുകളിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ:

(സി) എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്‌വർക്കുമായി (കെ.എസ്.വാൻ) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളെ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഇതിനായി അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വരും വർഷങ്ങളിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും കൂടുതൽ പ്രയോജനപ്രദമാകുന്ന തരത്തിൽ വിപുലീകരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഇക്കാര്യത്തിൽ വിദഗ്ധ കമ്മിറ്റികൾ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. വാർത്താ വിതരണത്തിനും മാധ്യമ നിരീക്ഷണത്തിനുമായി ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുടെയും നിലവിലുള്ള പരിമിതികളും ആവശ്യങ്ങളും പ്രത്യേകം പ്രത്യേകം പരിശോധിക്കുന്നതിനും അവയുടെ വികസനത്തിനു ആവശ്യമായ ബജറ്റ് വിഹിതം ലഭിയ്ക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വെബ് പോർട്ടലിൽ (www.kerala.gov.in) ഉൾപ്പെടുന്ന ജില്ലാ വെബ് സൈറ്റുകളെ വിപുലീകരിച്ച് അതിനെ ജില്ലാതലത്തിലുള്ള സർക്കാർ വിവരങ്ങൾ സമഗ്രമായി

ലഭിക്കുന്ന ഒരു സംവിധാനമാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. പ്രസ്തുത വെബ് സൈറ്റിന്റെ മലയാളം പതിപ്പ് നിർമ്മിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

ജില്ലകളിൽ നടക്കുന്ന പ്രധാനപ്പെട്ട ഔദ്യോഗിക പരിപാടികളുടെ വീഡിയോ ക്ലിപ്പിംഗുകൾ ദൃശ്യ മാധ്യമങ്ങൾക്ക് നൽകുന്നതിനായുള്ള ഇലക്ട്രോണിക് സംവിധാനം ജില്ലാ ഇൻഫർമേഷൻ ഓഫീസുകളോടനുബന്ധിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *315 18.9.2007-ൽ മറുപടിക്ക്

ധാതുമണൽ ഖനനം

ചോദ്യം
ശ്രീ.എ.കെ.ചന്ദ്രൻ
ശ്രീ.പി.തിലോത്തമൻ
ശ്രീ.മാങ്കോട് രാധാകൃഷ്ണൻ
ശ്രീ.വി.എസ്.സുനിൽ കുമാർ

ഉത്തരം
ശ്രീ.എളമരം കരീം
ബഹു.വ്യവസായ വകുപ്പ് മന്ത്രി

| | |
|---|---|
| (എ) ധാതുമണൽ കയറ്റുമതിയിൽ നിയന്ത്രണം പാടില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) ധാതുമണൽ കയറ്റുമതിയിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ 2007 ജനുവരി 1 മുതൽ കേന്ദ്ര സർക്കാർ നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) ധാതുമണൽ, ക്ലോറൈഡ് സാങ്കേതിക വിദ്യ എന്നിവ സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി ധാരണയിലെത്തിയിട്ടുണ്ടോ; | (ബി) ക്ലോറൈഡ് സാങ്കേതിക വിദ്യയെ സംബന്ധിച്ച് ഒരു കമ്പനിയുമായി ധാരണയിലെത്തിയിട്ടില്ല. കേരള സംസ്ഥാന സർക്കാരും റഷ്യൻ സർക്കാർ കമ്പനിയായ മെസ്സേഴ്സ് റോസ്ബൊറോൺ എക്സ്പോർട്ട് എന്ന കമ്പനിയുമായി ടൈറ്റാനിയം സ്പോഞ്ച് ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കാനായി ഒരു ധാരണാപത്രത്തിൽ ഒപ്പിട്ടുണ്ട്. |
| (സി) ധാതുമണൽ ഖനനരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 316

18..9..2007-ൽ മറുപടിയ്ക്ക്

## കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ്

**ചോദ്യം**

ശ്രീ. കെ. കെ.ദിവാകരൻ
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.കെ.സി.കുഞ്ഞിരാമൻ
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.എം.ഹംസ

**ഉത്തരം**

ശ്രീ.എളമരം കരീം
(ബഹു.വ്യവസായ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ;

(എ) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) 1993 ൽ കേരള സർക്കാരിന്റെ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായി രൂപീകരിച്ച സ്ഥാപനമാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, വികസിപ്പിച്ച ഭൂമി എന്നീ സൗകര്യങ്ങളോടെ വ്യവസായ പാർക്കുകളായി വികസിപ്പിച്ച് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് കിൻഫ്രയുടെ ലക്ഷ്യം. കേരളത്തിന് അനുയോജ്യമായ മേഖലകൾ കണ്ടെത്തി theme based വ്യവസായ പാർക്കുകൾ ആണ് കിൻഫ്ര സ്ഥാപിച്ചിട്ടുള്ളത്.

കൂടാതെ, കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കയറ്റുമതി അധിഷ്ഠിത വ്യവസായ വികസനത്തിനായി കേന്ദ്ര വാണിജ്യ മന്ത്രാലയം നടപ്പിലാക്കി വരുന്ന ASIDE സ്കീമിന്റെയും, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും നോഡൽ ഏജൻസിയാണ് കിൻഫ്ര.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുമതികളും ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനം വിജയകരമായി നടപ്പിലാക്കി വരുന്നു. കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ നിരവധി വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) ഈ വർഷം കിൻഫ്ര നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1.കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, അടൂർ, പത്തനംതിട്ട
2.കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം,

പത്തനംതിട്ട
3.ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്
4.ജെം ആന്റ് ജ്വുവലറി പാർക്ക്, കിൻഫ്ര ഹൈടെക്ക് പാർക്ക്, കളമശ്ശേരി
5.ആനിമേഷൻ ആന്റ് ഗേമിങ്ങിന് വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖല- കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം
6.ഇലക്ട്രോണിക്സ് ആന്റ് ഹാർഡ്‌വെയറിന് വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖല- കിൻഫ്ര ഹൈടെക്ക് പാർക്ക്, കളമശ്ശേരി.
7.ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക സാമ്പത്തിക മേഖല- കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കാഞ്ചേരി, മലപ്പുറം
8.ബയോടെക്നോളജി പാർക്ക്, കിൻഫ്ര ഹൈടെക്ക് പാർക്ക്, കളമശ്ശേരി
9.ഇന്റർനാഷണൽ ട്രേഡ് ആന്റ് കൺവെൻഷൻ സെന്റർ, കിൻഫ്ര ഹൈടെക്ക് പാർക്ക്, കളമശ്ശേരി
10.മെഗാ ഫുഡ് പാർക്ക്, വയനാട്
11.സ്പൈസസ് പാർക്ക്, ഇടുക്കി
12.റബ്ബർ പാർക്ക്, റാന്നി, പത്തനംതിട്ട
13.നോളേജ് പാർക്ക്, തൃശ്ശൂർ, കോഴിക്കോട്
14.ഹെൽത്ത്-നോളേജ് ഹബ്ബ്, പാലക്കാട്.

(സി) വയനാട്ടിലെ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കുമോ;

(സി) വയനാട് ജില്ലയിൽ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടു കൂടി കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ഭക്ഷ്യസംസ്കരണ പാർക്കിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പാർക്കിന്റെ ആർക്കിടെക്ട് സെലക്ഷൻ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാർക്കിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായി വരുന്നു. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഈ സ്കീമിന്റെ രൂപരേഖ കേന്ദ്ര സർക്കാർ അംഗീകരിച്ച് പുറത്തിറക്കിയ ശേഷം സമർപ്പിക്കുന്നതാണ്.

(ഡി) പാലക്കാട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്കിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്നറിയിക്കുമോ?

(ഡി) അടിസ്ഥാന സൗകര്യ വികസനങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഡിസംബർ 2008 ഓടു കൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 317 — 18.9.2007 ൽ മറുപടിക്ക്

## മിൽമയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ.കെ.സി. രാജഗോപാലൻ
ശ്രീ. വി.എൻ. വാസവൻ
ശ്രീ.സി. കെ.സദാശിവൻ
ശ്രീ.എസ്. രാജേന്ദ്രൻ
ശ്രീ.പി.ടി.എ.റഹീം.

**മറുപടി**

ശ്രീ.സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ) മിൽമയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(എ) മിൽമയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന്റെ പദ്ധതികളായ സംയോജിത ക്ഷീരവികസന പരിപാടി, ശുദ്ധമായ പാലുല്പാദനം എന്നിവ നടപ്പിലാക്കുന്നതിന് 2006-07 ൽ 847.50 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ 2006-07 ൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും മിൽമയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന സർക്കാർ വിഹിതമായി 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മിൽമയ്ക്ക് കേരളത്തിൽ വിപണനത്തിനാവശ്യമായ പാൽ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പശുഗ്രാമം മിൽക്ക്ഷെഡ് വികസനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് മിൽമയുടെ ഫാക്ടറികളിലെ ഉല്പാദനശേഷി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ആവശ്യത്തിനനുസരിച്ച് പാൽ വിതരണം ചെയ്യുന്നതിന് മിൽമയ്ക്ക് കഴിയുന്നുണ്ടോ;

(ബി) കേരളത്തിനാവശ്യമായ മുഴുവൻ പാലും മിൽമയ്ക്ക് വിതരണം ചെയ്യുവാൻ കഴിയുന്നില്ല. മിൽമ കൂടാതെ ധാരാളം സ്വകാര്യ സഹകരണ ഏജൻസികളും കേരളത്തിൽ പാൽ വിതരണം ചെയ്യുന്നുണ്ട്.

| | |
|---|---|
| (സി) ഓണക്കാലത്ത് പാൽക്ഷാമമുണ്ടാകാതിരിക്കാനായി മിൽമ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (സി) തമിഴ്നാട്,കർണ്ണാടക ക്ഷീരസഹകരണ ഫെഡറേഷനുകളുടെ കീഴിലുള്ള ഡയറികളിൽ നിന്നും ആവശ്യാനുസരണം പാലും പാൽപ്പൊടിയും വാങ്ങി വിപണനം നടത്തി. |
| (ഡി) സംസ്ഥാനത്തിന് പുറത്തുനിന്നു മിൽമ പാൽ വാങ്ങി വിതരണം ചെയ്യുന്നുണ്ടോ; ഇതിന് കൂടുതൽ ചെലവുണ്ടാകുന്നുണ്ടോ; | (ഡി) ഇപ്പോൾ തമിഴ്നാട്, കർണ്ണാടക ക്ഷീര സഹകരണ ഫെഡറേഷനുകളിൽ നിന്നും ആവശ്യാനുസരണം പാൽ, മിൽമ വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ഇതിന് പ്രാദേശികമായി സംഭരിച്ച് വിപണനം ചെയ്യുന്നതിനേക്കാൾ ലിറ്ററിന് രൂപ2/20പൈസ മുതൽ രൂ.2/88 പൈസ വരെ അധിക ചെലവ് (പാലിന്റെ അധിക വിലയും കടത്തുകൂലിയും) മിൽമയ്ക്ക് ഉണ്ടാകുന്നു. |
| (ഇ) പാലിനു പുറമേ എന്തെല്ലാം ഉല്പന്നങ്ങളാണ് മിൽമ വിതരണം ചെയ്യുന്നത്; ഇവ ആദായകരമാണോ എന്ന് വ്യക്തമാക്കുമോ? | (ഇ) പാലിനു പുറമെ നെയ്യ്,ബട്ടർ, പേട ഫ്ലേവേഡ്, പാൽ, തൈര്, സംഭാരം, ഐസ്ക്രീം, ഡയറിവൈറ്റനർ, പാലട എന്നീ പാലുല്പന്നങ്ങളാണ് മിൽമ വിപണനം ചെയ്യുന്നത്. പാലുല്പന്നവിപണനംആദായകരമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 318

18.9.2007-ൽ
മറുപടിയ്ക്ക്

## സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ശശീന്ദ്രൻ | വി.എസ്. അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) സർക്കാർ സർവ്വീസിൽ ഉദ്യോഗത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സർക്കാർ സർവ്വീസിൽ ഉദ്യോഗത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ലാത്തതിനാൽ പ്രസ്തുത നിവേദനത്തിലെ ആവശ്യം നിരസിച്ചിട്ടുണ്ട്. |
| (ബി) പ്രായപരിധി ഉയർത്തുന്നതുമൂലം സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യതയോ മറ്റ് ബുദ്ധിമുട്ടുകളോ ഉണ്ടാകാനിടയുണ്ടോ ; | (ബി) + (സി) ചോദ്യം ഉദിക്കുന്നില്ല |
| (സി) ഇല്ലെങ്കിൽ പ്രായപരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുവാൻ തയ്യാറാകുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ. 319 | 18. 9. 2007 - ൽ<br>മറുപടിക്ക് |

**കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാൻഡുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ.വി.ജെ. തങ്കപ്പൻ<br>ശ്രീമതി ജെ. അരുന്ധതി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എം. പ്രകാശൻ മാസ്റ്റർ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാൻഡുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) കൈത്തറി വ്യവസായത്തിൽ പ്രാദേശിക ബ്രാന്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനുതകുന്ന വിപുലമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നുണ്ട്. ഇതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്.<br>(വിശദീകരണം അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| (ബി) ഏതെല്ലാം പ്രാദേശിക ബ്രാൻഡുകളെയാണ് പ്രോൽസാഹിപ്പിക്കുന്നത്; | (ബി) കേരളത്തിലെ കൈത്തറി വസ്ത്ര മേഖലയിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രാദേശിക ബ്രാന്റുകളെ മുഴുവനും ഈ പദ്ധതിയുടെ ഭാഗമായി പ്രോൽസാഹിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബാലരാമപുരം സാരി, കുത്താമ്പുള്ളി സാരി, കാസർകോഡ് സാരി, ചേന്ദമംഗലം സാരി, കണ്ണൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ വൈവിധ്യമാർന്ന വസ്ത്ര ഉൽപ്പന്നങ്ങൾ എന്നിവ ഇവയിൽപ്പെടുന്നു. |

| | |
|---|---|
| (സി) കേരളത്തിലെ പ്രാദേശിക ബ്രാൻഡുകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും മെച്ചപ്പെട്ട ബ്രാൻഡുകളെ സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) കേരളത്തിലെ പ്രാദേശിക ബ്രാൻഡുകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും മെച്ചപ്പെട്ട ബ്രാൻഡുകളെ സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

താഴെപ്പറയുന്ന ഘടക പ്രവർത്തനങ്ങളിലൂടെയാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(1) പ്രാദേശിക സവിശേഷതകളുള്ള കലാരൂപങ്ങൾക്ക് രൂപരേഖതയ്യാറാക്കുക

(2) പാരമ്പര്യ കലാരൂപങ്ങളെ ചരിത്രമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുക.

(3) വൈവിദ്ധ്യമാർന്ന ഡിസൈനുകൾക്കനുസരിച്ച് ഉല്പന്നങ്ങൾ ആവിഷ്ക്കരിക്കുക.

(4) ആവിഷ്ക്കരിക്കപ്പെട്ട ഡിസൈനുകളുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന ത്രിമാന ചിത്രങ്ങൾ സൃഷ്ടിക്കുക.

(5) പുതുതായി ആവിഷ്ക്കരിച്ച ഡിസൈനുകൾക്കനുസരിച്ച് ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക.

(6) നിർമ്മിച്ചെടുക്കുന്ന പുതു വസ്ത്രങ്ങൾക്ക് അനുയോജ്യമായ നാമങ്ങൾകൊണ്ട് തനത്‌വ്യക്തിത്വം ആർജ്ജിക്കാൻ പ്രാപ്തമാക്കുക.

(7) ആകർഷകമായ പുതിയ പാക്കിംഗ് സമ്പ്രദായം നൽകുക.

(8.) പുതുതായി വികസിപ്പിച്ചെടുത്ത പ്രാദേശിക ബ്രാൻഡുകളെക്കുറിച്ച് ഉപഭോക്താക്കൾക്ക് അവബോധം നൽകുക.

(9.) ആഗോളപ്രചാരണം ലക്ഷ്യമിട്ട് വെബ്സൈറ്റുകൾ ആരംഭിക്കുക.

(10) വികസിപ്പിച്ചെടുത്ത ബ്രാൻഡുകളുടെ പ്രചാരണത്തിനായി കാറ്റലോഗുകൾ തയ്യാറാക്കി ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഉന്നത വിപണന കേന്ദ്രങ്ങളിലും വിതരണം ചെയ്യുക.

(11). വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങൾക്ക് പ്രചാരം നൽകുന്നതിനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

(12) ഭൗമസൂചക രജിസ്ട്രേഷനിലൂടെ പ്രാദേശിക ബ്രാൻഡുകളുടെ അവകാശം നിലനിറുത്തുക.

ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

Sd/-

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 320 — 18.09.2007-ൽ മറുപടിയ്ക്ക്

## കാലിത്തീറ്റ ഉല്പാദനം

**ചോദ്യം**

ശ്രീ.ജോർജ് എം.തോമസ്
ശ്രീ.എം.ചന്ദ്രൻ
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീ.പി.കൃഷ്ണപ്രസാദ്
ശ്രീ.ടി.പി.കുഞ്ഞുണ്ണി

(എ) കാലിത്തീറ്റയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. സി. ദിവാകരൻ. (ഭക്ഷ്യവും സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ) പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള കാലിത്തീറ്റ ഉല്പാദനകേന്ദ്രങ്ങളുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ചും പൂർണ്ണമായി വിനിയോഗിച്ചും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മിൽമയുടെ പട്ടണക്കാട്, പാലക്കാട് ഫാക്ടറികളുടെ സ്ഥാപിതശേഷി പൂർണ്ണമായി വിനിയോഗിച്ച് പ്രതിദിനം 500 മെട്രിക് ടണ്ണിലധികം കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നു. കേരള ഫീഡ്സ് ലിമിറ്റഡിന്റെ സ്ഥാപിത ഉല്പാദനശേഷി 2006-07-ൽ 500 മെട്രിക് ടണ്ണിൽ നിന്ന് 650 മെട്രിക് ടണ്ണായി ഉയർത്തി. കൂടാതെ തമിഴ്നാട്ടിലെ എസ്സ്.കെ.എം കാലിത്തീറ്റ ഫാക്ടറി വാടകയ്ക്ക് എടുത്ത് കേരള ഫീഡ്സ് ലിമിറ്റഡിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് പ്രതിദിനം 100 മെട്രിക് ടൺ തീറ്റ കൂടി ഉല്പാദിപ്പിച്ചു വിതരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള ഫാക് ടറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. മിൽമയുടെ പട്ടണക്കാട്, പാലക്കാട് ഫാക്ടറികളിൽ നിലവിലുള്ള സ്ഥാപിതശേഷി 300 മെട്രിക് ടൺ വീതമാണ്. ഇത് 500 മെട്രിക് ടൺ വീതമായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പുതുതായി കാലിത്തീറ്റ ഫാക്ടറികൾ ആരംഭിച്ചിട്ടുണ്ടോ ; | (സി) | ഇല്ല. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കാലിത്തീറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വില കുറച്ചു വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | മിൽമയും കേരളാ ഫീഡ്സും ഗുണനിലവാരമുള്ള തീറ്റയാണ് ഉല്പാദിപ്പിക്കുന്നത്. കാലിത്തീറ്റയുടെ ഉല്പാദനത്തിന് ഉപയോഗിക്കുന്ന ഒട്ടുമിക്ക അസംസ്കൃത പദാർത്ഥങ്ങളുടെയും വില ക്രമാതീതമായ തോതിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കാലിത്തീറ്റയുടെ വില കുറയ്ക്കുക എന്നത് തീർത്തും അപ്രായോഗികമാണ്. എങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ കാലിത്തീറ്റയുടെ വിലവർദ്ധനവ് ഒരു പരിധി വരെ പിടിച്ചു നിർത്തുന്നതിന് മിൽമയും കേരള ഫീഡ്സ് ലിമിറ്റഡും ശ്രമിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 321 18.09.2007 ൽ മറുപടിക്ക്

### ചെലവു ചുരുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണിഹാജി | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെലവു ചുരുക്കുന്നതിനുവേണ്ടി എന്തെങ്കിലും ഭരണ പരിഷ്ക്കാരങ്ങളോ നിർദ്ദേശങ്ങളോ നിയന്ത്രണങ്ങളോ മുന്നോട്ടു വച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. 14-08-2006 ലെ സർക്കാർ ഉത്തരവ് നം. 340/2006/ധന പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ചില ചെലവു ചുരുക്കൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം മന്ത്രിമാരും ഉദ്യോഗസ്ഥരും ഇക്കോണമി ക്ളാസിലേ വിമാന യാത്ര നടത്താവൂയെന്നും, മന്ത്രിമാരെ അനുഗമിക്കുന്ന പേഴ്സണൽ സ്റ്റാഫ് അടക്കമുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നും, വിമാനയാത്ര നടത്തുമ്പോൾ ടിക്കറ്റിന് ലഭിക്കുന്ന സൗജന്യങ്ങൾ പ്രയോജനപ്പെടുത്തണമെന്നും, പരമാവധി ഒഴിവാക്കാനാവാത്ത അവസരങ്ങളിൽ മാത്രമേ ഉദ്യോഗസ്ഥർ സംസ്ഥാനത്തിനു പുറത്തേക്കുള്ള യാത്രകൾ നടത്താവൂയെന്നും, ഇതിന് അനുമതി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളിൽ നിലനിൽക്കുന്ന അപാകതകൾ കൊണ്ട് സംസ്ഥാനം നേരിടുന്ന ഭീമമായ നഷ്ടം ഒഴിവാക്കുന്നതിനായി ടെൻഡർ വ്യവസ്ഥകൾ, എസ്റ്റിമേറ്റ് തുക നിശ്ചയിക്കൽ, excess അനുവദിക്കാനുള്ള അധികാരം, നിരക്കുകൾ എന്നീ കാര്യങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി ആ ഇനത്തിലുള്ള ചോർച്ച ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഇത്തരം നിയന്ത്രണങ്ങളുടേയും നിർദ്ദേശങ്ങളുടേയും ഫലമായി എന്തെങ്കിലും നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ? | (ബി) വിലയിരുത്തിവരുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 322** | 18-09-2007-ൽ **മറുപടിക്ക്**

### ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. മത്സരപ്പരീക്ഷകൾ

| ചോദ്യം<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.എം.ഉമ്മർ | ഉത്തരം<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>ബഹു.മുഖ്യമന്ത്രി |
|---|---|
| എ) സംസ്ഥാനത്തുനിന്ന് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. മത്സരപ്പരീക്ഷകളിൽ വിജയിക്കുന്നവരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള പരീക്ഷാർത്ഥികളെക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മേൽപ്പറഞ്ഞ പരീക്ഷകളിൽ കൂടുതൽപേർ വിജയികളാകുന്നതിന് വേണ്ടി അപേക്ഷകർക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ;<br><br>സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തെങ്കിലും സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) യും സി) യും:<br><br>ഉണ്ട്. കേരളത്തിലെ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷകളിൽ കൂടുതൽ വിജയം കൈവരിക്കാൻ കഴിയുന്നില്ല എന്നു ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ G.O.(Rt) No.318/2005/H.Edn. dated 23/02/2005 പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കേന്ദ്രമായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി സ്ഥാപിച്ച് മികച്ചരീതിയിൽ കോച്ചിംഗ് നൽകിവരുന്നു. പ്രസ്തുത സ്ഥാപനത്തിൽ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയ്ക്കും ഇന്റർവ്യൂവിനും വിദഗ്ദ്ധമായ രീതിയിൽ സ്റ്റഡിക്ലാസുകളും, പരിശീലനവും നൽകിവരുന്നു. ഇതിൽ മെയിൻ പരീക്ഷയ്ക്കുള്ള പരിശീലനവും ഇന്റർവ്യൂവിനുള്ള പരിശീലനവും സൗജന്യമാണ്. ഇന്റർവ്യൂവിനു പോകുന്ന ഉദ്യോഗാർത്ഥികളുടെ |

| | |
|---|---|
| | പരിശീലനവും ഡൽഹിയിലേക്കുള്ള യാത്രചെലവും കേരള ഹൗസിൽ താമസത്തിനും ഭക്ഷണത്തിനുമുള്ള ചെലവും അക്കാദമിയാണ് വഹിക്കുന്നത്. കൂടാതെ പ്രഗത്ഭരായിട്ടുള്ള വ്യക്തികളെക്കൊണ്ട് മോക്ക് ഇന്റർവ്യൂകൾ നടത്തി ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിൽ ഉന്നതവിജയം ലഭിക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ട്. പ്രഗത്ഭവ്യക്തികളും സ്ഥാപനങ്ങളുമായി ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെടുന്നതിന് വീഡിയോ കോൺഫറൻസിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *323 — 18.9.2007-ൽ മറുപടിക്ക്

## മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി
ശ്രീ.വി.ശശികുമാർ
ശ്രീമതി കെ.കെ.ലതിക
ശ്രീ.എ.സി.മൊയ്തീൻ
ശ്രീ.മഞ്ഞളാംകുഴി അലി

**ഉത്തരം**

ശ്രീ.എളമരം കരീം
ബഹു.വ്യവസായ വകുപ്പ് മന്ത്രി

| | |
|---|---|
| (എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ധാതുപര്യവേഷണത്തിനായി ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) ഓരോ വർഷവും സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡ് അംഗീകരിക്കുന്ന ധാതു പര്യവേഷണ പ്രവർത്തനങ്ങളാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നത്. കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ചീനക്കളിമണ്ണ് പര്യവേഷണം നടത്തിവരുന്നു. കുടാശ, കൊല്ലം ജില്ലയിൽ കുണ്ടറ, കാഞ്ഞിരക്കോട് പ്രദേശത്ത്, കേരള സിറാമിക്സ് ലിമിറ്റഡ് കമ്പനിയുടെ ചീനക്കളിമണ്ണ് ഖനിയുടെ സമീപ പ്രദേശത്ത് മേൽപ്പടി കമ്പനിയുടെ അപേക്ഷ പ്രകാരം ചീനക്കളിമണ്ണിന്റെ പര്യവേഷണം നടത്തി വരുന്നു. തിരുവനന്തപുരം ജില്ലയിൽ മൈനർ മിനറൽ ക്വാറികളെക്കുറിച്ചുള്ള സർവ്വേ പൂർത്തിയായി. കോട്ടയം ജില്ലയിൽ മേപ്പടി സർവ്വേ ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിൽ നൻമണ്ട, നടുവള്ളൂർ, എളിയെട്ടിമല, ആലംപാറ പ്രദേശങ്ങളിൽ കണ്ടുപിടിക്കപ്പെട്ട ഇരുമ്പയിര് നിക്ഷേപത്തിന്റെ സമീപ പ്രദേശങ്ങളിൽ കൂടുതൽ നിക്ഷേപം കണ്ടുപിടിക്കുന്നതിനായുള്ള പര്യവേഷണവും നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിൽ മംഗലപുരം മേൽ തോന്നയ്ക്കൽ ഭാഗത്തുള്ള ചീന കളിമണ്ണ് ഖനനം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി ആഘാത |

| | |
|---|---|
| | പഠനം നടത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനെ തുടർന്ന് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (റീജിയണൽ റിസർച്ച് ലബോറട്ടറി)യുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ ഗുണമേന്മയുള്ള കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്; സ്വർണ്ണ നിക്ഷേപം ഏതെല്ലാം മേഖലകളിലാണ് കണ്ടെത്തിയത്; | (ബി) തിരുവനന്തപുരം ജില്ലയിൽ, മേൽ തോന്നയ്ക്കൽ, പള്ളിപ്പുറം, വെയിലൂർ, അണ്ടൂർക്കോണം, അഴൂർ എന്നീ വില്ലേജുകളിലും കൊല്ലം ജില്ലയിൽ കുണ്ടറ, മുളവന, പള്ളിമൺ, വെളിച്ചിക്കാല എന്നീ എന്നീ സ്ഥലങ്ങളിലും കണ്ണൂർ ജില്ലയിൽ പഴയങ്ങാടി, രാമപുരം ചെറുതാഴം, പട്ടുവം, മാടായി എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ പുത്തൂക്കായ്, കണ്ണംകോട്, എരിക്കുളം, നീലേശ്വരം, പാലായി, സീതാംഗോളി, മൊറത്തന, മിയാപദവ് എന്നീ സ്ഥലങ്ങളിലും ഗുണമേന്മയുള്ള കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് മലപ്പുറം ജില്ലയിലെ നിലമ്പൂർ പ്രദേശത്ത് മരുത, മണ്ണുച്ചീനി, തണ്ണിക്കാട്, കാപ്പിൽ എന്നീ സ്ഥലങ്ങളിലും പുന്നപ്പുഴ ചാലിയാർ നദീതടങ്ങളിലും (പ്ലേസർ നിക്ഷേപം) പാലക്കാട് അട്ടപ്പാടി ഭാഗത്ത് കോട്ടത്തറ, അഗളി, പുട്ടുമല എന്നീ സ്ഥലങ്ങളിലും വയനാട് ജില്ലയിൽ മേപ്പാടി ചുണ്ടേൽ, വൈത്തിരി, നരിയോട് എന്നീ സ്ഥലങ്ങളിലും സ്വർണ്ണ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. |
| (സി) മലപ്പുറം ജില്ലയിൽ കണ്ടെത്തിയ സ്വർണ്ണ നിക്ഷേപം സംബന്ധിച്ച് വിശദപഠനം നടത്തുമോ; | (സി) മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിൽ മരുത പ്രദേശത്ത് സ്വർണ്ണ ഖനന സാദ്ധ്യതാ പഠനം നടത്തുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ മെ.മിനറൽ എക്സ്പ്ലോറേഷൻ കോർപ്പറേഷൻ ലിമിറ്റഡുമായിച്ചേർന്ന് 177.09 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് കേന്ദ്ര ഖനി മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. വിശദ പര്യവേഷണം ആരംഭിക്കുന്നതിന് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ അനുമതി നിഷേധിക്കുകയുണ്ടായി. എന്നാൽ മേപ്പടി അനുവാദത്തിന് പുതുക്കിയ അപേക്ഷ വനം വകുപ്പിന് വീണ്ടും സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദ പഠനം നടത്തുന്നതാണ്. |

| | |
|---|---|
| (ഡി)വകുപ്പിന്റെ ധാതുപര്യവേഷണ പ്രവർത്തനങ്ങൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ 2007-ലെ വ്യവസായ വാണിജ്യ നയ പ്രകാരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇരുമ്പയിര്, ചീനക്കളിമൺ, ബോക്സൈറ്റ്, സ്വർണ്ണം മറ്റ് ധാതുക്കൾ എന്നിവയുടെ പര്യവേഷണം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 324

18. 09. 2007-ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും

ചോദ്യം

ശ്രീമതി. ഇ. എസ്. ബിജി മോൾ
ശ്രീ. വി. എസ്. സുനിൽ കുമാർ.
ശ്രീ. ബാബു പോൾ.
ശ്രീ. രാജാജി മാത്യു തോമസ്.

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും എത്രയും വേഗം ലഭ്യമാക്കാനുള്ള പദ്ധതികളുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ചെറുകിട വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ചുവടെ വിവരിക്കുന്ന സഹായങ്ങൾ നൽകുന്നു.<br>(എ) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്ന എന്റർപ്രണേഴ്സ് ഗൈഡൻസ് സെൽ വ്യവസായ സംരംഭകർക്ക് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുക, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള സഹായം നൽകുക, വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന ധനസഹായങ്ങളെ സംബന്ധിച്ച വിവരങ്ങൾ നൽകുക, വകുപ്പിൻ കീഴിലുള്ള വ്യവസായ വികസന പ്ലോട്ടുകളിൽ ഭൂമി ലഭ്യതയെ സംബന്ധിച്ച വിവരങ്ങൾ നൽകുക തുടങ്ങിയ സഹായങ്ങൾ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ മാർക്കറ്റ് ഇൻഫർമേഷൻ, യന്ത്ര സാമഗ്രികളുടെ ലഭ്യതയെ സംബന്ധിച്ച വിവരങ്ങളും അവയുടെ ഉറവിടങ്ങളും , അസംസ്കൃത വസ്തുക്കളുടെ സ്രോതസ്സ്, ലഭ്യത, ബിസിനസ്സ് മാനേജ്മെന്റ് സംബന്ധിച്ച ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും, സംരംഭകർക്ക് ലൈസൻസ്, ക്ലിയറൻസ് ഡോക്യുമെന്റേഷൻ എന്നിവ ലഭിക്കുന്നതിനുള്ള എസ്കോർട്ട് സർവ്വീസ് നൽകുക തുടങ്ങിയ സഹായങ്ങളും ഈ സെല്ലിൽ നിന്നും നൽകുന്നുണ്ട്.<br>(ബി) മേൽ വിവരിച്ച സഹായങ്ങൾ നൽകുന്നതിന് പ്രൊഫിഷ്യൻസി ഇന്റർഫേസ് പദ്ധതി പ്രകാരം ഭക്ഷ്യ സംസ്കരണം, റബ്ബർ ആന്റ് പ്ളാസ്റ്റിക് ലൈറ്റ് ഇൻജിനീയറിംഗ്, ആയുർവേദം ആന്റ് ഹെർബൽസ്, ഇലക്ട്രോണിക്, കെമിക്കൽ മിനറൽസ് ആന്റ് സെറാമിക്സ് എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരുടെ സേവനം ചെറുകിട വ്യവസായ സംരംഭകർക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 325. 18.9.2007-ൽ മറുപടിയ്ക്ക്

### 'നാട്പാക്കി' ന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.സി.മൊയ്തീൻ | | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാട്പാക്) നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (നാട്പാക്) ഗതാഗത രംഗത്ത് ഗവേഷണ പഠനങ്ങൾ നടത്തി ഗതാഗത പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും, സർക്കാർ ഏജൻസികൾക്കും നൽകുകയും ചെയ്യുന്നു. ഇതിനൊപ്പം റോഡ് അപകടങ്ങളെ കുറിച്ചുള്ള പഠനം നടത്തി അപകട സാധ്യതയുള്ള മേഖല കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും റോഡ് സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ജല ഗതാഗതം മെച്ചപ്പെടുത്താൻ വേണ്ട പഠനങ്ങളും നടത്തി വരുന്നു. |
| (ബി) സംസ്ഥാനത്തെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി നാട്പാക് നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്; | (ബി) | വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ പശ്ചാത്തലത്തിൽ അപകടങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നടപ്പിലാക്കുന്ന റോഡ് സുരക്ഷിതത്വ പരിപാടിയുടെ ഭാഗമായി ധാരാളം ഡ്രൈവർമാർക്ക് കണ്ണ് പരിശോധന നടത്തുകയും വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. കൂടാതെ റോഡു സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും വിവിധ വിഭാഗങ്ങളിൽപ്പെട്ട റോഡ് ഉപയോക്താക്കൾക്കും പരിശീലനം നൽകുന്ന പരിപാടികൾ തുടർച്ചയായി നടത്തി വരുന്നു. റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി സേഫ് റോഡ്സ് ടു സ്കൂൾ (SRS) എന്ന പദ്ധതി |

(തുടർച്ച---2)

| | |
|---|---|
| | ജനുവരി 2005 മുതൽ നാട്പാക് ആരംഭിച്ചിട്ടുണ്ട്. സ്കൂൾ അധികാരികളെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും പരിസര വാസികളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (സി) സംസ്ഥാനത്ത് അപകട സാധ്യത കൂടിയ എത്ര മേഖലകൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്? | (സി) 1980 മുതൽ നാട്പാക് നടത്തിയിട്ടുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദേശീയ പാത 47-ലും 17-ലും സംസ്ഥാനത്തിനുള്ളിൽ 23 അപകട മേഖല കണ്ടെത്തിയിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 326

18/09/2007 - ൽ മറുപടിക്ക്

ഓണം പ്രമാണിച്ച് കേന്ദ്ര ഗവൺമെന്റിനോട് അധികമായി ആവശ്യപ്പെട്ട ഭക്ഷ്യധാന്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ. കെ.സി. വേണുഗോപാൽ : | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) ഓണം പ്രമാണിച്ച് എത്ര ടൺ അരിയും പഞ്ചസാരയും ഗോതമ്പും ആണ് അധികമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടത് ; | (എ) | 71000 മെ. ടൺ അരിയും 35500 മെ.ടൺ ഗോതമ്പും 7100 മെ.ടൺ പഞ്ചസാരയും ഓണക്കാലത്തേക്കായി അധികമായി അനുവദിച്ചു നൽകുന്നതിന് ആവശ്യപ്പെട്ടിരുന്നു. |
| (ബി) ഇതിൽ എത്ര ടൺ വീതം കേന്ദ്രം അനുവദിച്ചു വെന്ന് വ്യക്തമാക്കുമോ ; | (ബി) | 21000 മെ. ടൺ എ. പി. എൽ അരിയും 8000 മെ.ടൺ പഞ്ചസാരയും അനുവദിച്ചു നൽകിയിരുന്നു. |
| (സി) ഇവയുടെ വില കിലോഗ്രാമിന് എത്ര രൂപ വീതമായിരുന്നു ; | (സി) | കേന്ദ്ര സർക്കാർ അരി കി.ഗ്രാമിന് 8.30 രൂപ നിരക്കിലും മില്ലുകളിൽ നിന്നും പഞ്ചസാര കിലോഗ്രാമിന് ശരാശരി 12.50 രൂപ നിരക്കിലുമാണ് അനുവദിച്ചത്. |
| (ഡി) ഇവ റേഷൻ കടകൾ വഴിയാണോ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണോ വിതരണം ചെയ്യുക ; | (ഡി) | ഓണക്കാലത്ത് സ്പെഷ്യലായി എ.പി.എൽ നിരക്കിൽ അനുവദിച്ചു നൽകിയിരുന്ന 21000 മെ.ടൺ അരിയിൽ 12030 മെ.ടൺ അരി സ്കൂൾ കുട്ടികൾക്ക് 5 കി.ഗ്രാം അരി സൗജന്യമായി വിതരണം നടത്തുന്നതിന് ജില്ലകൾക്ക് |

അനുവദിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം നടത്തി ബാക്കിയുള്ള 8970 മെ.ടൺ അരി സംസ്ഥാനത്ത് വിവിധ പദ്ധതികൾ പ്രകാരമുള്ള എല്ലാ കാർഡുടമകൾക്കും 10 കി.ഗ്രാം അരി സ്പെഷ്യലായി എ.പി.എൽ നിരക്കിൽ റേഷൻകട വഴി വിതരണം നടത്തുന്നതിന് അനുവദിച്ചു നൽകി.

| | | | |
|---|---|---|---|
| ഇ) | കിലോഗ്രാമിന് എന്തു വിലവച്ചാണ് ഈ സാധനങ്ങൾ വിറ്റതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | അരി കിലോഗ്രാമിന് 8.90 രൂപ നിരക്കിലും പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിലുമാണ് വിതരണം നടത്തിയത്. സ്കൂൾ കുട്ടികൾക്കുള്ള അരി സൗജന്യമായാണ് വിതരണം നടത്തിയത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 327 — 18-9-2007ൽ മറുപടിക്ക്

## ക്ഷീരവികസനത്തിനും മൃഗസംരക്ഷണത്തിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.ബാബു<br>ശ്രീ. വർക്കല കഹാർ | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണ വും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരവികസനത്തിനും മൃഗസംരക്ഷത്തിനുമായി എന്തൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്; | (എ) 1) നാഷണൽ പ്രോജക്റ്റ് ഫോർ കാറ്റിൽ ആന്റ് ബഫല്ലോ ബ്രീഡിംഗ്.<br>2) ഗോസുരക്ഷ ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് പദ്ധതി<br>3) വിദർഭ പദ്ധതി(കാസർഗോഡ്, വയനാട്,പാലക്കാട് എന്നീ ജില്ലകൾ നടപ്പാക്കി വരുന്നു. )<br>4) ക്ഷീരധാര പദ്ധതി<br>5) ഇന്റൻസീവ് ഡയറി ഡെവലപ്പ്മെന്റ് പദ്ധതി<br>6) സ്ട്രെങ്ങ്തനിംഗ് ഓഫ് ഇൻഫ്രാസ്ട്രക്ചർ ഫോർ ക്വാളിറ്റി ആന്റ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ<br>7) 100% കേന്ദ്രാവിഷ്കൃത പദ്ധതികളായ കാലിവസന്ത നിർമ്മാർജ്ജനത്തിനുള്ള ദേശീയ പരിപാടി, കുളമ്പുരോഗ നിയന്ത്രണ പദ്ധതി ലൈവ് സ്റ്റോക്ക് സെൻസസ് /(കന്നുകാലി, കനേഷുമാരി), വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജനുസുകളുടെ സംരക്ഷണത്തിനുള്ള പദ്ധതി.<br>8) 50% കേന്ദ്രാവിഷ്കൃത പദ്ധതികളായ<br>(1) സ്റ്റാറ്റിസ്റ്റിക്കൽ സാമ്പിൾ സർവ്വേ (സാമ്പിൾ സർവ്വേയും സ്ഥിതി വിവര കണക്കു ശേഖരണവും)<br>(2) പ്രൊഫഷണൽ എഫിഷ്യൻസി ഡെവലപ്പ്മെന്റ് (സംസ്ഥാന വെറ്റിനറി കൗൺസിൽ)<br>9) 80% കേന്ദ്രാവിഷ്കൃത പദ്ധതിയായ താറാവ്/കോഴി വളർത്തൽ കേന്ദ്രങ്ങളുടെ |

വികസനം

10) 75% കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ഫോഡർ പ്രൊഡക്ഷൻ (ദേശീയ തീറ്റപ്പുൽ കൃഷി വികസനപദ്ധതി, ജന്തു രോഗ നിയന്ത്രണത്തിന് സംസ്ഥാനങ്ങൾക്കുള്ള സഹായ പദ്ധതി,

11) 90% കേന്ദ്രാവിഷ്കൃത പദ്ധതിയായ വനിതകൾക്കുള്ള പരിശീലനവും തൊഴിലുമെന്ന പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനുള്ള സഹായം.

(ബി) 2006-07 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും എന്തു തുക ലഭിച്ചു;

(ബി) 2006-07-ൽ പദ്ധതികൾക്ക് ലഭിച്ച തുക ചുവടെ കൊടുത്തിരിക്കുന്നു.

| പദ്ധതിയുടെ പേര് | ലഭിച്ച തുക ലക്ഷത്തിൽ |
|---|---|
| 1) 100% കേന്ദ്ര ധനസഹായ പദ്ധതിയായ (കാലി വസന്ത നിർമ്മാർജ്ജന പദ്ധതി) | 26.91 |
| 2) 100% കേന്ദ്ര ധനസഹായ പദ്ധതിയായ ലൈവ് സ്റ്റോക്ക് സെൻസസിന് (1-ാമത് കന്നുകാലി കണേഷുമാരിയ്ക്ക്) | 71.74 |
| 3) 100% കേന്ദ്ര ധനസഹായ പദ്ധതിയായ (കുളമ്പുരോഗ നിയന്ത്രണ പദ്ധതി) | 50 |
| 4) 80% കേന്ദ്ര ധന സഹായ പദ്ധതിയായ (താറാവ്/കോഴിവളർത്തൽ) കേന്ദ്രങ്ങളുടെ വികസന പദ്ധതി) | 73.32 |
| 5) 75% കേന്ദ്ര ധനസഹായ പദ്ധതിയായ (ജന്തു രോഗ നിയന്ത്രണത്തിനു സംസ്ഥാനങ്ങൾക്കുള്ള സഹായം) | 137.23 |

| | |
|---|---|
| 6) 50% കേന്ദ്ര ധനസഹായ പദ്ധതിയായ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് സാമ്പിൾ സർവ്വേ ഇതു വരെ (വിവര ശേഖരണം) | 55.10 |
| 7) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രൊഫഷണൽ എഫിഷ്യൻസി ഡെവലപ്പ്മെന്റിന്(വെറ്റിനറി) കൗൺസിൽ | 20<br>136.171 |
| 8. എൻ.പി.സി.ബി.ബി. | |
| 9. ലൈവ് സ്റ്റോക്ക് ഇൻഷ്വറൻസ് | 518<br>1188.90 |
| 10) വിദർഭാ പാക്കേജ് | |
| 11) എസ്.ഐ. ക്യു ആന്റ് സി.എം.പി | 460.43<br>387.07 |
| 12) ഐ.ഡി.ഡി.പി | |

(സി) ഓരോ പദ്ധതിയ്ക്കും ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ട്;

| (സി) പദ്ധതികൾ | ചെലവഴിച്ച തുക ലക്ഷത്തിൽ |
|---|---|
| 1. എൻ.പി.സി.ബി.ബി. | മുഴുവൻ തുകയും ചെലവഴിച്ചു. |
| 2. ലൈവ് സ്റ്റോക്ക് ഇൻഷ്വറൻസ് പദ്ധതി | 137.59 |
| 3. വിദർഭ പദ്ധതി | 756.28 |
| 4. ഐ.ഡി.ഡി.പി. 2004-05---2006-07 | 623.91 |
| 5.സി.എം.പി.പദ്ധതി | 665.82 |
| 6. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി | 26.91 |
| 7. കുളമ്പു രോഗ നിയന്ത്രണ പദ്ധതി | 60 |
| 8. താറാവ്/കോഴി വളർത്തൽ | 46.78 |
| 9. ജന്തു രോഗ നിയന്ത്രണം | 97.86 |
| 10. സ്റ്റാറ്റിസ്റ്റിക്സ് ആന്റ് സാമ്പിൾ സർവ്വേ | 40.30 |

| | | |
|---|---|---|
| | 11. പ്രൊഫഷണൽ എഫിഷ്യൻസി ഡെവലപ്പ്മെന്റ് | 10 |
| | 17-ാംത് കന്നുകാലി സെൻസസിനു അനുവദിച്ച തുക ചിലവഴിച്ചിട്ടില്ല. അത് അടുത്ത വർഷത്തേയ്ക്ക് റീവാലിഡേറ്റ് ചെയ്ത് നല്കിയിട്ടുണ്ട്. | |
| (ഡി) 2007-08 സാമ്പത്തിക വർഷം ഇതുവരെ ഓരോ പദ്ധതിയ്ക്കും എത്ര രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്? | പദ്ധതി | ലഭിച്ച തുക ലക്ഷത്തിൽ |
| | (ഡി) 1.എൻ.പി സി.ബി.ബി. പദ്ധതി | 375 |
| | 2. ഐ.ഡി.ഡി.പി. പദ്ധതി | 139.97 |
| | 3. സി.എം.പി.പദ്ധതി | 640.04 |
| | 4. കാലി വസന്ത നിർമ്മാർജ്ജന പദ്ധതി | 8 |
| | 5. ലൈവ് സ്റ്റോക്ക് സെൻസസ്( റീവാലിഡേറ്റ് ചെയ്തു നല്കിയ തുക) | 71.74 |
| | 6. കുളമ്പ് രോഗ നിയന്ത്രണ പദ്ധതി | 10 |
| | 7.കോഴി/താറാവു വളർത്തൽ | 34 |
| | 8. ജന്തു രോഗ നിയന്ത്രണ പദ്ധതി | 81.91 |
| | 9. സ്റ്റാറ്റിസ്റ്റിക്സ് ആന്റ് സർവ്വേ | 45.24 |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 328

18.09.2007 ൽ
മറുപടിക്ക്

**ഫാക്ടും ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡും ചേർന്നുള്ള സംരംഭം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ :<br>ശ്രീ. ജോസഫ് .എം. പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഫാക്ടും ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡും ചേർന്ന് പുതിയ സംരംഭത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (എ) ഇല്ല. ഇതു സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നു വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ സ്വകാര്യ-മേഖലയ്ക്ക് പങ്കാളിത്തമുണ്ടോ ;<br>(സി) ഈ പദ്ധതിക്ക് എന്തു ചെലവ് പ്രതീക്ഷിക്കുന്നു ;<br>(ഡി) പദ്ധതി എന്നു തുടങ്ങുമെന്നറിയിക്കുമോ ? | (ബി) യും (സി) യും (ഡി) യും<br>വിശദാംശങ്ങൾ ചർച്ച ചെയ്യാനിരിയ്ക്കുന്നതേയുള്ളു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 329 — 18. 9. 2007 -ൽ മറുപടിക്ക്

## കൈത്തറി സംഘങ്ങൾക്കുള്ള മാർക്കറ്റിംഗ് ഇൻസെന്റീവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ<br>പ്രൊഫ. കെ.വി.തോമസ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കൈത്തറി സംഘങ്ങൾക്ക് കൊടുത്തിരുന്ന റിബേറ്റിനു പകരം ഇപ്പോൾ മാർക്കറ്റിംഗ് ഇൻസെന്റീവ് ആണോ നൽകി വരുന്നത്; എങ്കിൽ എത്ര ശതമാനം; | (എ) റിബേറ്റിനു പകരമല്ല മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നത്. കൈത്തറി സഹകരണ സംഘങ്ങളുടെ ഓരോ വർഷത്തെയും റിബേറ്റിൽ നിന്ന് മുൻകൂറായി നൽകിയ മാർക്കറ്റിംഗ് ഇൻസെന്റീവ് കിഴിവ് ചെയ്ത ശേഷമാണ് അറ്റ റിബേറ്റ് നൽകുന്നത്. 2000-01 മുതലാണ് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി ആരംഭിച്ചത്. അവസാന 3 വർഷത്തെ വിൽപ്പനയുടെ ശരാശരിയുടെ നിശ്ചിത ശതമാനമാണ് ഇൻസെന്റീവ് ആയി നൽകുന്നത്. ശതമാനം ചുവടെ ചേർക്കുന്നു.<br>2000 - 01 . 2001 - 02   10%<br>2002 - 03. 2003 - 04   8%<br>2004 - 05. 2005 - 06   6%<br>2006 - 07.   4% |
| (ബി) വിൽപ്പനയ്ക്കുള്ള എക്സിബിഷൻ നടത്തുന്ന സംഘങ്ങൾക്ക് മാത്രമാണോ ഇതു നൽകി വരുന്നത്; | (ബി) അല്ല |

314

(സി) എത്ര സംഘങ്ങൾ ഇപ്പോൾ വിൽപ്പനയ്ക്കുള്ള എക്സിബിഷൻ നടത്തുന്നു;

(സി) വില്പനമേളകൾ സംഘടിപ്പിക്കുന്നത് - അതതു ജില്ലയിലുള്ള ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കമ്മറ്റിയാണ്. പങ്കെടുക്കുന്ന സംഘങ്ങളെ തീരുമാനിക്കുന്നതും പ്രസ്തുത കമ്മറ്റിയാണ്. ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിലാണ് എക്സിബിഷൻ വില്പന നടത്തുന്നത്. എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല

(ഡി) ബാക്കി കൈത്തറി സംഘങ്ങൾ എക്സിബിഷനിലൂടെയല്ലാതെ തുണി വിൽക്കുന്നുണ്ടോ;

(ഡി) മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്നത് എക്സിബിഷനുകളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് മാത്രമല്ല സംഘങ്ങൾക്കും ഹാന്റക്സിനും, സർക്കാർ ഏജൻസിക്കും. 10% കേന്ദ്ര റിബേറ്റ് ഒഴികെയുള്ള എല്ലാ വിൽപ്പനയ്ക്കും മാർക്കറ്റിംഗ് ഇൻസെന്റീവ് അനുവദിക്കുന്നുണ്ട്.

(ഇ) എങ്കിൽ അവയ്ക്ക് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകാത്തതെന്തുകൊണ്ടെന്നു വിശദീകരിക്കുമോ?

(ഇ) ബാധകമല്ല

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 330 — 18.09.2007 ൽ മറുപടിക്ക്

### " കരകൗശല വ്യവസായങ്ങൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കരകൗശല വ്യവസായ സംരംഭകർക്ക് സഹായങ്ങൾ നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്. | (എ) കരകൗശല വ്യവസായ സംരംഭകർക്ക് സഹായം നൽകുന്നതിന് സംസ്ഥാന സർക്കാരിലും കേന്ദ്ര സർക്കാരിലും താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.<br><br>1. കരകൗശല മേഖലയിലെ അഗ്രതല സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം.<br>2. കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള ഗ്രാന്റ്.<br>3. കരകൗശല സംഘങ്ങൾക്കുള്ള സർക്കാർ ഓഹരി പങ്കാളിത്തം.<br>4. കരകൗശല ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് എക്സിബിഷനുകളും ക്രാഫ്റ്റ് മേളകളും സംഘടിപ്പിക്കാനും മറ്റു പദ്ധതികൾ നടപ്പിലാ |

ക്കാനും കരകൗശല വികസന കോർപ്പറേഷൻ , കരകൗശല അപ്പെക്സ് സൊസൈറ്റി (സുരഭി), കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ അഗ്രതല സ്ഥാപനങ്ങൾക്കും ബാംബൂ കോർപ്പറേഷൻ, കെൽപാം എന്നിവയ്ക്കും സംസ്ഥാന സർക്കാരിന്റെ ധനസഹായം.

5. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് വായ്പ അനുവദിക്കുന്നതിന് വേണ്ടി ചാനലൈസിംഗ് ഏജൻസികളായ അഗ്രതല സ്ഥാപനങ്ങൾക്കു വേണ്ടി വരുന്നതിന്റെ ഒരു വിഹിതം സർക്കാർ സാമ്പത്തിക സഹായമായി നൽകുന്നു.
6. കരകൗശല വിദഗ്ദ്ധർക്ക് സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ.
7. കരകൗശല മേഖലയുടെ ഉന്നമനത്തിനായിട്ടുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ അംബേദ്കർ ഹസ്ത ശില്പ വികാസ് യോജന.
8. കരകൗശല മേഖലയിലെ വിദഗ്ദ്ധർക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് നൽകി വരുന്ന ദേശീയ അവാർഡ്.
9. ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് പുതിയ ഡിസൈനുകൾ/ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം, ടി പരിശീലനം നൽകുന്നതിനുള്ള ഡിസൈൻ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് സഹായം.
10. കരകൗശല ഉല്പന്നങ്ങൾക്ക് [illegible]

| | |
|---|---|
| | വിപണി കണ്ടെത്തുന്നതിനു വേണ്ടി സംസ്ഥാനത്തിനകത്തും പുറത്തും എക്സിബിഷനുകൾ സംഘടിപ്പിക്കുക. നിലവിലുള്ള കരകൗശല ഷോറൂമുകൾ നവീകരിക്കുന്നതിനും, പുതിയ ഷോറൂമുകൾ പണിയുന്നതിനുമുള്ള കേന്ദ്ര സാമ്പത്തിക സഹായം.<br>11. കരകൗശല വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പിന്നോക്കക്കാർക്ക് NBCFDC വഴി കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പ.<br>12. സംസ്ഥാനത്തെ ഈറ്റ-പനമ്പ് മേഖലയിലെ വികസനത്തിനായി സംസ്ഥാന ബാംബൂ മിഷന് നൽകി വരുന്ന ധനസഹായം. |
| (ബി) കരകൗശല വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) കരകൗശല വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ സുരഭിയിലെ നിലവിലുള്ള ഷോറൂമിന്റെ നവീകരണത്തിനായി 7 ലക്ഷം രൂപയും എക്സിബിഷനു വേണ്ടി 2.35 ലക്ഷം രൂപയും ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്ററിന്റെ വികസനത്തിനും ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പിനും 17.60 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.<br>കരകൗശല വികസന കോർപ്പറേഷനിൽ അവരുടെ ഉല്പന്നങ്ങൾ കേരളത്തിനകത്തും മറ്റു സംസ്ഥാനങ്ങളിലുമായി പ്രവർത്തിക്കുന്ന വില്പനശാലകൾ വഴി വിറ്റഴിക്കാനുള്ള അവസരം ലഭ്യമാണ്.<br>കോർപ്പറേഷന്റെ കീഴിൽ തിരുവനന്തപുരത്ത് അട്ടക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന കോമൺഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ നവീകരണ നടപടികൾ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്വീക |

| | |
|---|---|
| | രിച്ചു വരുന്നു.<br>പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കരകൗശല സംരംഭകർക്ക് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ലളിതമായ ജാമ്യ വ്യവസ്ഥയിൽ ദേശീയ പിന്നോക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെയും (NSCFDC) സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ കരകൗശല വികസന കോർപ്പറേഷൻ 340 പേർക്ക് 1.61 കോടി രൂപയുടെ വായ്പകൾ അനുവദിച്ചിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനും NFCFDC വഴി കുറഞ്ഞ നിരക്കിൽ കരകൗശല വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വായ്പ നൽകി വരുന്നുണ്ട്. |
| (സി) കരകൗശല പരിശീലനത്തിനായി കരകൗശല വികസന കോർപ്പറേഷൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (സി) കേന്ദ്ര സർക്കാർ പദ്ധതിയായ അംബേദ്കർ ഹസ്ത് ശില്പ വികാസ് യോജന (AHVY) പദ്ധതിയിൻ കീഴിൽ കേരള കരകൗശല മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് കരകൗശല ക്ലസ്റ്ററുകൾക്ക് രൂപം നൽകാനായി കരകൗശല വികസന കോർപ്പറേഷൻ, തിരുപുറം, ഇരവിപുരം, ചരിപ്പറമ്പ്, കൊയിലാണ്ടി, പൂക്കോട്ടുപാടം, മാന്നാർ എന്നീ പ്രദേശങ്ങളെ തെരെഞ്ഞടുത്തിരിക്കുകയാണ്. പദ്ധതിയുടെ ഒന്നാംഘട്ടമായ ബേസ്ലൈൻ സർവേ പൂർത്തിയായി കഴിഞ്ഞു.<br>കരകൗശല രംഗത്തെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ ആവശ്യമായ നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗവും നടപ്പിലാക്കി വരുന്നു. കോർപ്പറേഷൻ |

| | |
|---|---|
| | കരകൗശല സംരംഭകർക്ക് ഇതിനാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകി വരുന്നു. പുതിയ ഡിസൈൻ ഡെവലപ്മെന്റിനും ടെക്നോളജി അപ്ഗ്രഡേഷനും വേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സെന്ററിന്റെ സഹായത്തോടെ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉതകും വിധം പരിശീലനം നടപ്പാക്കുന്നുണ്ട്. |
| (ഡി) കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) കരകൗശല ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി സുരഭി, കൈരളി, കാഡ്കോ എന്നീ അപ്പക്സ് സ്ഥാപനങ്ങൾ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാർ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കരകൗശല വികസന കോർപ്പറേഷൻ കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലുമായി 18 വില്പനശാലകൾ നടത്തി വരുന്നു. കരകൗശല ഉല്പന്നങ്ങൾക്ക് പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം കോർപ്പറേഷൻ നടപ്പിലാക്കി കഴിഞ്ഞു.<br>ദേശീയ ഉത്സവങ്ങളോടനുബന്ധിച്ച്, കരകൗശല ഉല്പന്നങ്ങളുടെ വിപണനവും ടൂറിസവും ബന്ധിപ്പിച്ചു കൊണ്ടുള്ള ക്രാഫ്റ്റ് ടൂറിസം പദ്ധതി സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നുണ്ട്.<br><br>സെക്ഷൻ ഓഫീസർ |